# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5787 02.07.2014-ൽ മറുപടിയ്ക്ക്

## മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

ചോദ്യം

ശ്രീ. കെ.വി. വിജയദാസ്

ഉത്തരം

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി വികസനവകുപ്പ് മുഖേന പുതിയതായി എത്ര എം.ആർ.എസ്. കൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | പുതിയതായി എം.ആർ.എസ്.കൾ ആരംഭിച്ചിട്ടില്ല. |
| (ബി) | കൂടുതൽ എം.ആർ.എസ്. കൾ ഈ ഭരണകാലത്തുതന്നെ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | കണ്ണൂർ ജില്ലയിലെ പെരിങ്ങോമിൽ എം.ആർ.എസ് ആരംഭിക്കുന്നതിനായി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| (സി) | ഈ സർക്കാർ അധികാരമേറ്റശേഷം പുതിയ പ്രീമെട്രിക് - പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | തിരുവനന്തപുരം ജില്ലയിലെ, പ്രവർത്തനം നിർത്തിവച്ച വലിയശാല പോസ്റ്റ് മെട്രിക് ഹോസ്റ്റലിന് പകരം മണ്ണന്തലയിൽ പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ കെട്ടിടനിർമ്മാണം അന്തിമഘട്ടത്തിലാണ്. ഈ അദ്ധ്യയനവർഷം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.തിരുവനന്തപുരം പൂച്ചെടിവിള പോസ്റ്റ് മെട്രിക് ഹോസ്റ്റലിനോടനുബന്ധിച്ച് 150 കുട്ടികൾക്ക് പ്രവേശനം നൽകാവുന്ന വിധത്തിൽ അഡീഷണൽ ബ്ലോക്ക് നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ചേർത്തലയിലും, പാലക്കാട് - മനിശ്ശേരിയിലും, ആലുവയിലും പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും, ഇടുക്കി നെടുങ്കണ്ടത്ത് പ്രീമെട്രിക് ഹോസ്റ്റലും ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

**(ഡി)** പുതിയതായി ആരംഭിച്ച ഇത്തരം സ്ഥാപനങ്ങളിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദ വിവരം നൽകുമോ;

**(ഡി)** പൂച്ചെടിവിള പോസ്റ്റ് മെട്രിക് ഹോസ്റ്റലിനോടനുബന്ധിച്ച് പ്രവർത്തനമാരംഭിച്ച പുതിയ ബ്ലോക്കിനായി 20.03.2010 ലെ സ.ഉ(എം.എസ്) നം.33/10/പജപവവിവ പ്രകാരം ചുവടെ പറയുന്ന തസ്തികകൾ അധികമായി സൃഷ്ടിച്ചിരുന്നു.

| തസ്തിക | എണ്ണം |
|---|---|
| ഹെഡ് കുക്ക് | 1 |
| അസിസ്റ്റന്റ് കുക്ക് | 5 (നിലവിൽ കരാർ അടിസ്ഥാനത്തിൽ) |
| പാർട്ട് ടൈം സ്വീപ്പർ | 2 |
| പാർട്ട് ടൈം സ്കാവഞ്ചർ | 2 |
| പാർട്ട് ടൈം മെസ് ഗേൾ | 4 |
| റസിഡന്റ് ട്യൂട്ടർ | 3 |

**(ഇ)** ഈ സർക്കാർ അധികാരമേറ്റ ശേഷം പുതിയതായി എത്ര തസ്തികകൾ പട്ടികജാതി ക്ഷേമ വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

**(ഇ)** ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി വികസന വകുപ്പിൽ ചുവടെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| തസ്തിക | എണ്ണം |
|---|---|
| ഓവർസിയർ ഗ്രേഡ്-2 | 1 |
| ലൈൻമാൻ | 1 |
| ലിഫ്റ്റ് ഓപ്പറേറ്റർ | 1 |
| സെക്യൂരിറ്റി ഗാർഡ് | 1 |
| ട്രെയിനിംഗ് ഇൻസ്ട്രക്ടർ (വെൽഡർ) | 1 |
| ക്ലാർക്ക് ടൈപ്പിസ്റ്റ് (വികലാംഗനിയമനം) | 1 |
| നഴ്സറി സ്കൂൾ ടീച്ചർ | 1 |
| മെയിൽ വാർഡൻ | 1 |
| ഫീമെയിൽ വാർഡൻ | 1 |
| എൽ.ഡി.സി (സ്പോർട്സ് ക്വാട്ട) സൂപ്പർ ന്യൂമററി | 6 |
| പട്ടികജാതി വികസന ആഫീസർ ഗ്രേഡ് II | 14 |

Salini K.J

**സെക്ഷൻ ആഫീസർ**